**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2588** **12/02/2020 ൽ മറുപടിക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ശാന്തിക്കാരുടെ നിയമനം സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പാർട്ട് ടൈം ശാന്തിക്കാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ ടി.ഡി.ബി. യിൽ ഉള്ളത് എന്നറിയിക്കാമോ; പാർട്ട് ടൈമിൽ നിന്നും ഫുൾടൈം ശാന്തിക്കാരുടെ പ്രമോഷൻ നടക്കുന്നില്ല എന്ന പരാതി വാസ്തവമാണോ ;ആണെങ്കിൽ പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ഇങ്ങനെയുള്ള പ്രമോഷൻ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പാർട്ട് ടൈം ശാന്തിക്കാരുടെ 42 ഒഴിവുകളാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉള്ളതെന്നും പാർട്ട് ടൈം ശാന്തിക്കാരുടെ ഫുൾ ടൈം ശാന്തിയിലേയ്ക്കുള്ള പ്രൊമോഷൻ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ കരാർ ശാന്തിക്കാരെ നിയമിക്കുന്ന സാഹചര്യം ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ബോർഡിന് നിർദ്ദേശം നൽകുമോ? | (സി) | ശാന്തിക്കാരുടെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ